

# നിലാവ്

## ചേലോറ ഗവ.ഹയർസെക്കന്ററി സ്കൂൾ

## ഡിജിറ്റൽ മാസിക 2018-19

# പത്രാധിപസമിതി

- ശ്രീനന്ദന കെ കെ
- ലയ വിനോദ്
- ആദിത്യൻ സി എം
- അഭിനവ് വി വി
- നാസിഹ പി
- ഷിനിജ ലാൽ
- നവനീത്

**2018-19 അദ്ധ്യയന വർഷത്തിൽ ചേലോറ ഗവ. ഹയർസെക്കന്ററി സ്ക്കൂളിലെ ലിറ്റിൽ കൈറ്റസ് അംഗങ്ങളുടെ നേതൃത്വത്തിൽ ഹൈസ്ക്കുൾ ക്ലാസ്സിലെ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ മാസിക തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ വളരെയധികം സന്തോഷിക്കുന്നു അതിന് എല്ലാ വിധ ആശംസകളും അറിയിക്കുന്നു.**

**എന്ന്**
**ഹെഡ്മിസ്ട്രസ്**
**ചന്ദ്രിക എൻ എ**

## ഉള്ളടക്കം

1) കേരളം.................................................................................. 5

2) നനയാത്ത മഴ...............................................................................6

3) ഒന്നും പറയാതെ പോയവർ........................................................7

4) ചൊവ്വയിൽ തലച്ചോറിന് ഗാറൻ്റിയില്ല...................................... 9

5) മഴയുടെ സംഗീതം.................................................................... 10

6) നർമ്മങ്ങൾ.............................................................................. 11

7) പ്ലാസ്റ്റിക്ക് ഉണ്ടാക്കുന്ന വിപത്തുകൾ.......................................... 12

8) കുസൃതി ചോദ്യങ്ങൾ...................................................................14

9) ജാനതിയെന്നൊരു യന്ത്രം.........................................................15

10) വായന ,ഉന്നതിയിലേക്കുള്ള ചവിട്ടുപടി.......................................19


11) ഇഷ്ട്ടം.......................................................................................22

12) സന്മനസ്സ്..................................................................................23

13) മനുഷ്യേതര ജീവികളിലെ കണ്ണുകൾ..........................................25

14) പുതുമഴ.................................................................................. ..31

# കേരളം



ദൈവത്തിൻെറ സ്വന്തം നാട്

കേരം വിളയും നാട്

നെൽവയലുകളും തോടുകളും

നിറഞ്ഞതാണീ നാട്

കായലുകളും പുഴയും കൊണ്ട്

സമൃദ്ധമാണീ നാട്

അരുവിയിലേക്ക് നോക്കിയിരിക്കും

മുത്തുമുത്തച്ഛൻ കേരങ്ങൾ


പാചകത്തിൻ ആശാൻമാരാം

വനിതകളുണ്ടിവിടെ

ഓണം വന്നാൽ പച്ചടി കിച്ചടി

ഉണ്ടാക്കും ഇവിടെ

ശ്രീപ്രിയ .എൻ കെ
10 സി



## നനയാത്ത മഴ

മഴ മഴ മഴ മഴ പെയ്യുന്നു

മുറ്റം നിറയെ മഴ വെള്ളം

ആകാശത്തിൻ മഴ പെയ്യ്താൽ

ചിണ്ണ ചിണ്ണ ചറ പറ മഴ പെയ്യ്തു

മാനത്തെ മഴ കണ്ടാലും

പെയതതു കാണാൻ സുഖമാണ്

മാനത്തങ്ങനെ നിന്നാലും

മാരിവില്ലിൻ അഴകാണ്.

മഴകാണാനെന്തു സുഖം

മഴയത്തങ്ങനെ ഓടാലോ

ഓടി രസിച്ചു കളിച്ചു തിമിർത്ത്

മഴയോടൊപ്പം കളിക്കാലോ

ജീവിതം കൂടെ ഉണ്ടെങ്കിൽമഴയോ

ലയ വിനോദ് ,9 സി

# ഒന്നും പറയാതെ പോയവർ

മഴ തിമിർത്തുപെയ്യുകയാണ്.ഇങ്ങനെ പോയാൽ കേരളം വെള്ളത്തിനടിയിലാവും.ആനന്ദ് പുറത്തേക്ക് നോക്കി പറഞ്ഞു.ഇടുക്കിയിലെ ചെറുതോണിയിലാണ് അനന്തുവിൻെറ വീട്.തകർത്തു പെയ്യുന്ന മഴ കാരണം അവധി കിട്ടിയ സന്തോഷത്തിലാണ് അനന്ദുവും അനുജത്തി അമ്മുവും.മഴയ്ക്ക് ശക്തി കുറയുന്നില്ലല്ലോ അമ്മ പരിഭവത്തോടെ പറഞ്ഞു.എന്തിനാകുറയുന്നത് അമ്മേ ........................ഞങ്ങൾക്ക് കുറെ അവധികിട്ടുമല്ലോ അനന്തു പറഞ്ഞു.

ദേ.ടീ........അണക്കെട്ട് തുറക്കുന്നുവെന്ന് വാർത്തയിൽ കാണിക്കുന്നു.അച്ഛൻ അമ്മയെ വിളിച്ചു പറഞ്ഞു.എൻെറ ഈശ്വര തുറന്നാൽ പിന്നെ ഇവിടൊക്കെ വെള്ളം നിറയില്ലേ.അമ്മ സങ്കടപ്പെട്ടു. ഹായ് ! വെള്ളം വന്നാൽ വന്നാൽ നമുക്ക് ചൂണ്ടയിടാം ചേട്ടാ.....അമ്മു ഉത്സാഹിച്ചു.ഉച്ചയ്ക്ക് കത്തിജ്വലിക്കേണ്ട സൂര്യനെ മറച്ച് മഴ താണ്ഡവമാടുന്നു.

അന്ന് വൈകുന്നേരം പടിഞ്ഞാറ് ഭാഗം ചുവന്നു തുടുത്തില്ല.എല്ലാം അന്ധകാരത്തിൻെറ നടുവിലായ്പ്പോയി.ഇടി മിന്നലിൻെറ താണ്ഡവം അമ്മുവിൻെറ ഉറക്കത്തെ നന്നായി ബാധിച്ചു.അവൾ തൻെറ അമ്മയോട് ചേർന്ന് കിടന്നു കൂടെ അനന്തുവും.അന്ന് വളരെ വൈകിയാണ് അനന്തു ഉറക്കത്തിൽ വഴുതി വീണത്.ഉറക്കത്തിൻെറ മായാലോകത്തിൽ അവൻ മഴയുടെ താണ്ഡവമൊന്നും അറിഞ്ഞില്ല.

നേരം പുലർന്ന പുറത്ത് ആളുകളുടെ വിളികേട്ടാണവൻ ഉണർന്നത്.ഉണർന്നു നോക്കുമ്പോൾ തൻെറ വീട് താൻ കിടന്ന സ്ഥലമൊഴികെ ആർത്തിരമ്പി വന്ന വെള്ള പാച്ചലിൽ ഒലിച്ചു പോയിരിക്കുന്നു.തൻെറ കൂടെ ചേർന്ന് കിടന്ന അമ്മയില്ല അച്ഛനും അനുജത്തിയുമില്ല.പുറത്ത് അരയോളം വെള്ളം പൊങ്ങി വന്നിരിക്കുന്നു.അവിടെ തോണിയിൽ രക്ഷാപ്രവത്തകർ എന്നെ കാത്തുനിൽക്കുന്നു.അവരോട് വീട്ടുകാരെക്കുറിച്ച് ചോദിക്കാനവന് കഴിഞ്ഞില്ല.

ദുരിതാശ്വാസ ക്യാമ്പിൽ മുഖം പൊത്തിയിരിക്കുന്ന അവന് മനസ്സിലായിരിക്കുന്നു തൻെറ അമ്മയും അമ്മുക്കുട്ടിയും അച്ഛനമെല്ലാം തന്നോട് ഒന്നും പറയാതെ തിരിച്ചു വരാൻ കഴിയാത്ത ഇടത്തേക്ക് യാത്ര പോയിരിക്കുന്നു.അവനവിടെ നിരവധി പേരെ കണ്ടു.തൻെറ കുഞ്ഞിനെ ചേർത്തിരിക്കുന്ന അമ്മമാരെയും മറ്റുള്ളവരെയും.

ആ ദുരന്ത മുഖം അവസാനിച്ചു. പേമാരി മുട്ടുമടക്കി.അവന് തിരികെ പോകാൻ വീടില്ല കൂടെ വരാൻ തൻെറ വീട്ടുകാരില്ല.തൻെറ ഓർമ്മയിൽ മാത്രമുണ്ട് തന്നോട് ഒന്നും പറയാതെ പോയവർ.ഒരു രാത്രി കൊണ്ട് തന്നെ വിട്ടുപോയവർ.അവധിയിൽ സന്തോഷിക്കുമ്പോൾ അവനറിയില്ലായിരുന്നു തനിക്കുവരാൻ പോകുന്നത് ഒരിക്കലും അടങ്ങാത്ത ഒരു ദുഃഖമാണെന്ന്.

**ദിയ .ആർ**

**10 ബി**

# ചൊവ്വയിൽ തലച്ചോറിൻ ഗാരൻറിയില്ല.

ബഹിരാകാശസഞ്ചാരികൾ വളരെ കുറഞ്ഞ ഗുരുത്വാകർഷണമുള്ള ബഹിരാകാശത്തിലെത്തിന്ന നിമിഷം തന്നെ അവരുടെ തലച്ചോറിൽ കാര്യമായ മാറ്റങ്ങൾ സംഭവിക്കാൻ തുടങ്ങുന്നു എന്നത് ആൻറ് വേർപ്പ് സർവ്വകലാശാലയിലെ ഫ്ലോറിസ് വ്യൂട്ട്സും സംഘവും കണ്ടെത്തിയിരുന്നു. യാത്രീകരുടെ തലച്ചോറിൻെറ ചെറിയ ഭാഗങ്ങൾ ചുരുങ്ങുകയും ചെറിയ ഭാഗങ്ങൾ വലുതാവുകയും ചെയ്യുന്നതായാണ് അവരുടെ കണ്ടെത്തൽ. കൂടുതൽകാലം കുറഞ്ഞ ഗുരുത്വാഗർഷണത്തിൽ കഴിയുന്തോറും മാറ്റങ്ങൽ കൂടുന്നതായും അവർ കണ്ടെത്തി.

അന്താരാഷ്ട്ര സ്പേസ് സ്റ്റേഷനിലും മറ്റും കൂടുതൽ കാലം താമസിച്ച് തിരിച്ചെത്തിയവർക്ക് അസാധാരണമായ പ്രശ്നങ്ങൾ ഒന്നുമില്ല.ഭൂമിയിലായിരിക്കുമ്പോൾ ശരീരത്തിൻെറ വിവിധ ഭാഗങ്ങൾ നൽകുന്ന സിഗ്നലുകൾ തലച്ചോറിൽ ഏകോപിപ്പിച്ചാണ് ശരീരത്തിൻെറ അവസ്ഥയെക്കുറിച്ച് നമ്മുക്ക് എല്ലാ സമയത്തും വേണ്ട ബോധം ഉണ്ടാവുന്നത്.ഗുരുത്വാഗർശണം കുറഞ്ഞ സ്ഥലതെത്തുമ്പോൾ ശരീരഭാഗങ്ങൾക്ക് ഈ സിഗ്നലുകൾ നൽകാൻ കഴിയാതാവുന്നു.ആശയക്കുഴപ്പത്തിലാകുന്ന തലച്ചോറ് ഉടൻപലഭാഗങ്ങളും സ്വിച്ച് ഓഫ് ചെയ്തും മറ്റു ഭാഗങ്ങൾ കൂടുതൽ ഉപയോഗിച്ചും ഈ കുഴപ്പം പരിഹരിക്കാൻ ശ്രമിക്കുന്നു.

**നാസിഹ .പി**

**9 ബി**

# മഴയുടെ സംഗീതം

മഴയേ.........ഇമഴയേ

നീ പെയ്തു തീർന്നുവോ

എത്ര സുന്ദരമാണ് നിൻെറ സംഗീതം

മണ്ണും മലയും സർവ പുൽകൊടികളും വരവിനായി ഒരുങ്ങുന്നു

പുതുമണ്ണിൻ മണവും മഴയിൽ കുതിർന്നൊഴുകിയ

പനിനീർ പൂവും നിന്നെ വരവേൽക്കുന്നു

കാർമേഘങ്ങൾ വിങ്ങിപ്പൊട്ടുന്നു............

ഏഴഴകാൽ മാനത്ത് മഴവില്ല് വിരിഞ്ഞുനിൽക്കുന്നു

മണ്ണിലും മാനവമനസ്സിലും അനുഭൂതി വിടർത്തുന്ന

മാറ്റങ്ങൾ നീ വരുത്തി

എന്നാൽ ഇക്കൊല്ലം നീ വരുത്തിവച്ച തോരാപെയ്ത്തിൽ

എല്ലാം നീ നശിപ്പിച്ചു

മനുഷ്യനിർമ്ത ആലയങ്ങൾ ചോരനീരാക്കി

കൊട്ടിയെരിക്കതെല്ലാം നിൻെറ ദേഷ്യത്താൽ ഒഴുകിപോയി

എന്നാൽ പ്രകൃതിയായ നീ നിർമ്മിച്ച കാടും,

മരങ്ങളും ഒന്നും നീ ക്രോധത്തിൽ ഒഴുകിയ

നിൻെറ ക്രോധം നിൻെറ ഈ തോരാപെയ്ത്ത്

**ആര്യ .കെ**
**9 ബി**

# നർമ്മങ്ങൾ

- വാഹനപ്പെരുപ്പം

ടീച്ചർ : വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പത്തെ കുറിച്ച് മൂന്ന് വാക്ക പറയൂ

രാമു : ഒന്ന്,അമ്പമ്പോ ആ വണ്ടി പോകുന്ന പോക്ക കണ്ടോ

രണ്ട്,ദൈവമേ ആ വണ്ടി തട്ടീട്ട് കോരാട്ടനിപ്പം ചത്തേനേ

മൂന്ന്,ആച്ചെക്കൻ റോട്ടിൽ നിന്ന് എന്താ കളിക്കുന്നേ

- ലാഭം

എപ്പോഴും ലാഭത്തെ കുറിച്ച് ചിന്തിക്കുന്നവനാണ് കിട്ടൻ.ഒരു ദിവസം മകൻ പറഞ്ഞു ലാഭമുണ്ടാക്കാൻ ഒരു വഴിയുണ്ട് അച്ഛാ

അച്ഛൻ : എന്താ മോനേ ആ വഴി

മകൻ : എനിക്കൊരു ബൈക്ക് വാങ്ങിച്ചു തന്നാൽ മതി,എന്നാൽ ചെരുപ്പ് പെട്ടെന്ന് തെയില്ലല്ലോ.

- ബുദ്ധി തിരിച്ചടിച്ചു

ജോപ്പു തൻെറ കഴുതയുമായ് ഡോക്ടറുടെ അരികിൽ പോയി.

ജോപ്പു : ഡോക്ടർ,ഇപ്പോഴിവൻ ഒരു ജോലിയും ചെയ്യുന്നില്ല, എന്തോ രോഗമാ

ഡോക്ടർ : ഉം ദാ ഈ ഗുളിക ഓരോന്നു വീതം കൊടുക്കു...........

ജോപ്പു : ഗുളിക എങ്ങനെ കൊടുക്കും

ഡോക്ടർ : ഗുളിക എടുത്ത് ഒരു കടലാസിൽ പൊതിഞ്ഞ് കഴുതയുടെ വായിൽവെച്ച് ഊതിയാൽ മതി

ജോപ്പു : ശരി ഡോക്ടർ.

(രണ്ടു ദിവസം കഴിഞ്ഞ് ഡോക്ടർ ജോപ്പുവിൻെറ വീട്ടിൽ പോയി)

ഡോക്ടർ : കഴുതയ്ക്ക് സുഖമായോ നിനക്കെന്താ പറ്റിയേ

ജോപ്പു : ഒന്നും പറയേണ്ട സാറേ............ കടലാസിൽ പൊതിഞ്ഞ് ഞാൻ ഊതാൻ തുടങ്ങും.

പക്ഷേ ആദ്യം ഊതുന്നത് കഴുതയാ സാറേ...........

# പ്ലാസ്റ്റിക് ഉണ്ടാക്കുന്ന വിപത്തുകൾ

- നശിക്കാതെ ഭൂമിയിൽ കിടക്കിന്നതുകോണ്ട് ഇത് പ്രകൃതിജന്യമായ പ്രവർത്തനങ്ങൾക്ക് തടസ്സം വരുത്തുകയും ജലസംഭരണശേഷിയും വായുസഞ്ചാരവും ഇല്ലാതാക്കുകയും ചെയ്യുന്നു. പ്ലാസ്റ്റിക്ക് നമ്മുടെ കൃഷിരീതിയെയും കാർഷിക വിളകളുടെ ഉല്പന്നങ്ങളും കത്തിക്കുമ്പോൾ ഡയോക്സിൻ ഉൾപ്പെടെയുള്ള വിഷവാതകങ്ങൾ അന്തരീക്ഷത്തിൽ കലരുന്നതായി പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്.ഇവ മനുഷ്യരിൽ കാൻസർ ഉണ്ടാക്കുമെന്നും വ്യക്തമായിട്ടുണ്ട്. അന്തരീക്ഷത്തിൽ ദീർഘകാലം നിലനിൽക്കുന്ന ഒരു കൂട്ടം വിഷപദാർത്ഥങ്ങളാണ് ഡയോക്സിൻ.കാൻസറിന് പുറമെ ഹൃദ്രോഗം,അമാശയ രോഗങ്ങൾ,ശ്വാസരോഗങ്ങൾ,ത്വക്ക് രോഗങ്ങൾ എന്നിവയ്ക്കും ഡയോക്സിൻ കാരണമാകുന്നുണ്ടെന്ന് പഠനങ്ങൾ തെളിയിക്കുന്നു.

- പ്ലാസ്റ്റിക്കിൻെറ നിർമിതിയിൽ ഉപയോഗിക്കുന്ന രാസവസ്തുക്കളായ ബിസ്ഫിനോൾ-എ,താലേറ്റ്,കാഡ്മിയം ലവണങ്ങൾ എന്നീ സംയുക്തങ്ങൾ അല്പാല്പമായി ഭക്ഷ്യവസ്തുക്കളിൽ കലരുന്നവയാണ്. പ്ലാസ്റ്റിക് പാത്രങ്ങളിൽ നിന്നും മറ്റ് ഉല്പന്നങ്ങളിൽ നിന്നും ഈ രാസവസ്തുക്കൾ മനുഷ്യശരീരത്തിൽ എത്തുകയും അവ ദീർഘകാലം ശരീരത്തിൽ തന്നെ നിലനിൽക്കുകയും ചെയ്യുന്നതിനാൽ

വിവിധങ്ങളായ രോഗങ്ങൾക്ക് കാരണമാകുന്നു.കൂടാതെ മനുഷ്യഭ്രൂണത്തിന്റെ വളർച്ചയെയും ആരോഗ്യത്തെയും ഇവ സാരമായി ബാധിക്കുമെന്ന് വിവിധ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.പ്ലാസ്റ്റിക്ക് ബോട്ടിലുകളിൽ $40^0$ C കൂടുതൽ താപനിലയിലുള്ള വെള്ളം ഒഴിക്കുമ്പോൾ പ്ലാസ്റ്റിക്കിൽ അടങ്ങിയിരിക്കുന്ന പ്ലാസ്റ്റിസൈസർ,ചായം എന്നിവ വെള്ളത്തിൽ കലരുന്നു.ഇത് പലതരം രോഗങ്ങൾക്ക് ഇടയാക്കുന്നു.

- പരിഹാരമാർഗങ്ങൾ......................

- ദുരുപയോഗം തടയുക
- പുനഃചംക്രമണം(Recycling)
- ഉപയോഗം കുറയ്ക്കുക(Reduce)
- പുനരുപയോഗിക്കുക(Reuse)

**ഷിനിജ ലാൽ**
**9.ബി**

# RIDDLES

- A jam which cannot be eaten?
- A pan which cannot be eaten?
- A stick that can be eaten?
- A finger which can be eaten?
- Which nation can be fever?
- Which driver doesn't have a leave?
- Which star cannot be found in the sky?
- Which is the bank that doesn't have any money?

# Answer (riddles)

- Traffic jam
- Japan
- Drum stick
- Ladies finger
- Examination
- Screw driver
- Film star
- River bank.

**ശ്രീനന്ദന കെ കെ**

**9 സി**

# ജാനകിയെന്നൊരു യന്ത്രം.

അന്നായിരുന്നു ജാനകി അമ്മയുടെ പിറന്നാൾ.അതൊരു വലിയ ആഘോഷമായിരുന്നു.സമ്മാനവും , വർണ്ണമാലകളും , കടലാസുകൊണ്ട് വീടും അരങ്കരിച്ചിരിക്കുന്നു.ജാനകി അമ്മ കേക്ക് മുറിക്കാൻ പുതുവസ്ത്രം ഇടുകയായിരുന്നു.അവർക്ക് രണ്ട് മക്കളായിരുന്നു ഉണ്ടായിരുന്നത്.പക്ഷെ ഒരു ബസ്സ് അപകടത്തിൽ മൂത്തമകൻ മരിച്ചു.അതുകൊണ്ട് ആ അമ്മ ഇളയവനെ ഒരു കുറവും വരുത്താതെയാണ് വളർത്തിയത്.അമിതമായ സ്നേഹവും , വാത്സല്ല്യവും കൊടുത്താണ് അവനെ വളർത്തിയത്.അവനൊരു ചെറിയ മുറിവ് പറ്റിയാൽ ആ അമ്മയുടെ നെഞ്ചിൽ തീപാളും. അത്രയും അത്രയും മൂല്ല്യനിധിപോലെയാണ് വളർത്തിയത്.

ജാനകിയമ്മ കേക്ക് മുറിച്ചു.പെട്ടെന്ന് ഒരു അദൃശ്യമനുഷ്യനെ പോലെ തൻെറ മകൻ ഒരു സമ്മാനവുമായി വന്നു.അവൻ അമ്മയുടെ കൈകളിലേക്ക് ആ സമ്മാനം നൽകി.ആ അമ്മയുടെ കണ്ണുകളിൽ നിന്ന് മുത്ത് പവിഴങ്ങളെ പോലെ കണ്ണുനീർ ഇറ്റിറ്റുവീഴാൻ തുടങ്ങി.അമ്മ തൻെറ മകനെ കെട്ടിപുണർന്നുകൊണ്ട് കരഞ്ഞു.അമ്മ തൻെറ മകൻെറ കുട്ടിക്കാലം ഓർത്ത് അതിൽ മുഴിങ്ങി.മകൻെറ ആശ്വാസകരമായ

വാക്കുകളെ കൊണ്ട് തൻെറ മനസ്സിനെ അമ്മ സമാധാനിപ്പിച്ചു.അങ്ങനെ ആ ആഘോഷം രാത്രി പതിനൊന്നു  മണിവരെ നീണ്ടുനിന്നു.

പിറ്റേന്ന് എന്തോ ഭയാനകമായ സ്വപ്നത്താൽ ജാനകി അമ്മ വേഗം ഉണർന്നു.എഴുന്നേറ്റ് നോക്കുമ്പോൾ തൻെറ മകനെ കാൺമാനില്ല. അമ്മയ്ക്ക് സങ്കടമായി. അമ്മ വീട്ടെ പരിസരവുമെല്ലാം ചുറ്റി നോക്കി എവിടെയും കാണുന്നില്ല. അമ്മ പൊട്ടികരയാൻ തുടങ്ങി.പെട്ടെന്ന് അമ്മേ അമ്മേ എന്നൊരു വിളി.അമ്മയുടെ മുഖത്ത് പുഞ്ചിരി വിടർന്നു.അമ്മവേഗം തിരിഞ്ഞുനോക്കി.മുറ്റത്ത് കല്ല്യാണവസ്ത്രത്തിൽ തൻെറ മകനും തൊട്ടടുത്ത് ഒരു പെൺകുട്ടിയും.അമ്മ വേഗം മകനെ കെട്ടിപുണർന്നു.അവൻെറ കല്ല്യാണം കഴിഞ്ഞു.അവൻ പലതും പറഞ്ഞ് അമ്മയെ സമാധാനിപ്പിച്ചു.ആദ്യം ദേഷ്യം വന്നെങ്കിലും തൻെറ മകന് വേണ്ടിയല്ലേയെന്ന് കരുതി സമാധാനിച്ചു. അവരെ വീട്ടിലേക്ക് വിളിച്ചു.അങ്ങനെ രണ്ടു ദിവസം വളരെ സന്തോഷം നിറഞ്ഞ നിമിഷങ്ങളായിരിന്നു.

പക്ഷെ മൂന്നാം ദിവസം രാത്രി ആ മകനും പെൺകുട്ടിയും തമ്മിൽ ചെറിയ വഴക്കുണ്ടായി. ആ കുട്ടി പറഞ്ഞു എനിക്ക് ഈ അമ്മയോടൊത്ത് ജീവിക്കാൻ കഴിയില്ല. ആദ്യം ആ മകൻ വല്ലായിമ കാണിച്ചെങ്കിലും താൻ ജീവനുതുല്ല്യം സ്നേനഹിക്കുന്ന സ്നേഹിത പറഞ്ഞതിനാൽ അവൻ

പരിഹാരം ഉണ്ടാക്കാമെന്ന് പറഞ്ഞു.അഹോരാത്രം ചിന്തിച്ച് അവനൊരു തീരുമാനത്തിലെത്തി.തൻെറ അമ്മയെ എവിടെയെങ്കിലും കൊണ്ടു പോയി ഉപേക്ഷിക്കാമെന്ന്.ഇതൊന്നും അമ്മ അറിഞ്ഞില്ല,അവൾ സന്തോഷത്തോടെ എല്ലാവരോടും പെരുമാറി.അങ്ങനെ ആ പെണ്ണും ,മണ്ണും മകനും കൂടി ഏതോയൊരു അമ്പലത്തിൽ പോയി .ഒരു പൂജചെയ്യാനാണെന്ന് പറഞ്ഞ് ആ അമ്മയെയും കൂടി കൊണ്ടുപോയി.തന്നെ ഉപേക്ഷിക്കാൻ പോകുന്ന യാത്രയാണെന്ന് ആ അമ്മ അറിഞ്ഞില്ല.

പിറ്റേന്ന് അവർ അവിടെയെത്തി അമ്പലത്തിൽ കയറി പ്രാർത്ഥിച്ച്,പൂജയും നടത്തി.ഭക്ഷണശാലയിൽ കയറി.അവർ മൂന്നുപേരും ഒന്നിച്ചാണ് ഇരുന്നത്. അവളും മകനും വേഗം കഴിച്ച് എഴുന്നേറ്റ് പുറത്തു നിൽക്കാമെന്ന് അമ്മയോട് കളവ് പറഞ്ഞു.അവർ രണ്ടുപേരും വേഗം വീട്ടിലേക്ക് അമ്മയെ കൂട്ടാതെ പോയി ഭക്ഷണം കഴിച്ച് പുറത്തെത്തിയ അമ്മ അവരെ കാണാതെ നീറുന്ന മനസ്സോടെ വിറക്കുന്ന മുഖത്തോടെ അവിടെ നിന്ന് കരയാൻ തുടങ്ങി.അപ്പോൾ ആ അമ്മയ്ക്ക് മനസ്സിലായി .ഈ യന്ത്രത്തിന് വല്ല കേടു പറ്റിയതുകൊണ്ടാകും ഉപേക്ഷിച്ചത്.അങ്ങനെ തൻെറ മകൻ തന്നെ ഒരു അനാഥയാക്കി.അങ്ങനെ കാലം പോയി.ആ മകന് രണ്ടു മക്കളായി.

അങ്ങനെ അവർ ഒരു ദിവസം.. അവർ ഒരു അമ്പലത്തിലേക്ക് പോയി.അവിടെയെത്തി പെട്ടെന്ന് ഒരു കൈ ആ മകൻെറ മുന്നിലേക്ക് വന്നു. അവൻ തിരിഞ്ഞുനോക്കിയപ്പോൾ വരണ്ടുണങ്ങിയ മുഖത്തോടെ തൻെറ അമ്മ് ഭിക്ഷയെടുക്കുന്നു.അവർ ഞെട്ടി പോയി.അപ്പോൾ ആ അമ്മ പറഞ്ഞു . ഒന്നും പറയാതെ പോയല്ലേ പൊന്നു മകനെ.....................................!

**അദ്വൈത് പ്രദീപ്**
**8 .ബി**

# വായന ,ഉന്നതിയിലേക്കുള്ള ചവിട്ടുപടി




'വായിച്ചു വളരുക' എന്നത് ഗ്രന്ഥശാലാസംഘത്തിൻെറ മുദ്രാവാക്യമാണ്.ഈ മുദ്രാവാക്യം ഇപ്പോഴും പ്രസക്തമാണ്.കാരണം വായനയില്ലാതെ സാംസാരികമായോ വിദ്യാസപരമായോ ഉന്നതി കൈവരിക്കുക അസാദ്ധ്യമായ ഒരു കാര്യമാണ്.ഒരു കുട്ടി ജീവതത്തിൻെറ ആദ്യ പാഠം പഠിക്കുന്നത് അവരുടെ മാതാപിതാക്കളിൽ നിന്നാണെന്ന കാര്യം നമുക്കെല്ലാമറിയാം.എന്നാൽ ഒരു കുട്ടി ആദ്യമായി പാഠശാലയിൽ എത്തുമ്പോൾ ഈ ലോകത്തെ കുറിച്ചുള്ള ആദ്യ പാഠങ്ങൾ അവൻ അറിയാൻ തുടങ്ങുന്നു.അതും രണ്ട് വിധത്തിൽ വാമൊഴിയിലൂടെയും വരമൊഴിയിലൂടെയും.ഉച്ചരിക്കപ്പെടുന്ന വാക്കികളാണല്ലോ വാമൊഴി.അതുപോലെ എഴുതപ്പെടുന്ന വാക്കാണ് വരമൊഴി.ഇതിൽ നിന്നു തന്നെ ഒരു കുട്ടിയുടെ വിദ്യാഭ്യാസത്തിൽ വായനയുടെ പ്രാധാന്യം വ്യക്തമാക്കുന്നുണ്ട്.

"വായന മരിക്കുന്നു" എന്ന ചൊല്ല് കേൾക്കാൻ തുടങ്ങിയിട്ട് നാളുകളേറെയായിരിക്കുന്നു.പക്ഷേ വായന ഇപ്പോൾ മരിച്ചിട്ടില്ല ! അതുകൊണ്ടുതന്നെ ഈ ഭൂമിയിൽ മനുഷ്യർ ജീവിക്കുന്ന കാലം വരെ,ഈ

ഭൂമുഖത്ത് പുസ്തകങ്ങൾ നില നിൽക്കുന്ന കാലം വരെ വായന മരിക്കുന്നില്ല,എന്നു നമുക്ക് ഉറപ്പിച്ചു പറയാം.എന്നാൽ വായനയുടെ കാര്യത്തിൽ ഒരു വലിയ പ്രതിസന്ധി നിലനിൽക്കുന്നു എന്നത് നേരാണ്.ദൃശ്യമാധ്യമരംഗത്തിൻെറ മാസ്മരിക അദ്ഭുതകരമായ ആകർഷണ വലയത്തിൽ അകപ്പെട്ട് ആളുകളുടെ മനസ്സ് പുസ്തകങ്ങളുടെ ലോകത്തു നിന്നും വളരെ അകന്നുപോയിരിക്കുന്നു.നമുക്കറിയാമല്ലോ,ടി.വി.ചനലുകളിലും മറ്റും പ്രത്യക്ഷപ്പെടുന്ന പാട്ടു പരിപാടികളിലും നൃത്ത പരിപാടികളിലും മയങ്ങി എത്രയോ കുട്ടികൾ പഠനകാര്യങ്ങൾ പോലും അവഗണിക്കുന്നു.എന്നത് ഒരു വലിയ യാഥാർത്ഥ്യമാണ്.ഈ പ്രശ്നം മാതാപിതാക്കളെ മാത്രമല്ല വിദ്യാഭ്യാസചിന്തകരെ പോലും ആശങ്കാകുലരാക്കുന്ന ഒരു വലിയപ്രതിസന്ധിയാണ്.അതായത് കൗമാര മനസുകളും യുവജന മനസുകളും പുസ്തകങ്ങളുടെ ലോകത്തു നിന്നും അകന്നു പോകുന്നു.

വായനയുടെ രംഗത്ത് ഇന്ന് നിലനിൽക്കുന്ന മറ്റൊരു പ്രശ്നമാണ്.എന്നുവെച്ചാൽ ഏതുപുസ്തകം വായിക്കണം എന്നത് ഒറ്റനോട്ടത്തിൽ അത്രയൊന്നും ഗൗരവകരമായ കാര്യമല്ല.എന്നാൽ ഓരോ വർഷവും ഓരോ മാസവും എന്നു വേണ്ട ഓരോ ദിവസവും ലോകത്തെമ്പാടുമുള്ള



പ്രസാധകലശാലയിൽ നിന്നും അച്ചടിച്ച് പുറത്തുവിടുന്ന പുസ്തകങ്ങളുടെ എണ്ണം ഏറെയാണ്.നമ്മുടെ ഈ കൊച്ചു കേരളത്തിൽ നമ്മുടെ മാതൃഭാഷയായ മലയാളത്തിൽ ഓരോ മാസവും പ്രകാശനം ചെയ്യപ്പെടുന്ന പുസ്തകങ്ങളുടെ പെരുപ്പം നമ്മെ അദ്ഭുതപ്പെടുത്തുന്നതാണ്.ശരിക്കും പറഞ്ഞാൽ പുസ്തകങ്ങളുടെ ഒരു കാട്ടിലകപ്പെടുന്ന ഒരു അനുഭവമാണ്,ഒരു പുതിയ വായനക്കാരൻെറ അല്ലെങ്കിൽ വായനക്കാരിയുടെ അനുഭവം വായിക്കേണ്ട പുസ്തകമേത് അവഗണിക്കേണ്ട പുസ്തകമേത് എന്നത് സാവകാശം ആലോചിച്ച് എടുക്കേണ്ട ഒരു തീരുമാനമാണെന്നർഥം.

മേൽപ്പറഞ്ഞ പ്രശ്നങ്ങളും പ്രതിസന്ധികളും നില നിൽക്കുമ്പോഴും പുസ്തകവായനയുടെ ലോകം വിപുലീകരിക്കാൻ പല നടപടികളും ഈയിടയായിസ ഉണ്ടാവുന്നുണ്ട്. സർക്കാരിൻെറ ഭാഗത്തു നിന്നും ലൈബ്രറി കൗൺസിൽ പോലുള്ള സർക്കാരിൻെറ സംഘടനകളിൽ നിന്നും വായന പ്രോത്സാഹിപ്പിക്കാൻ ആ ശാവഹങ്ങളായ പല തീരുമാനങ്ങളും ഈ അടുത്ത കാലത്ത് ഉണ്ടായിട്ടുണ്ട്.അതുകൊണ്ട് തന്നെ വരാനിരിക്കുന്ന നാളുകൾ നമ്മുടെ മലയാളത്തിൽ വായനയുടെ വസന്തക്കാലമായിരിക്കും.എന്നതന്നെ നമുക്ക് പ്രതിയാശിക്കാം."വിശക്കുന്ന മനുഷ്യാ പുസ്തകം കൈയിലെടുക്കു,അതൊരായുധമാണ്!".എന്ന വാക്കുകൾ മഹനായ ഒരു കവിയുടേതാണല്ലോ.ഈ വാക്കുകൾ വായനയുടെ പ്രാധാന്യം

അടിവരയിടുന്നുണ്ട്.മലയാളത്തിലെ കുട്ടികളുടെ കവി എന്നറിയപ്പെടുന്ന നമ്മുടെ പ്രിയപ്പെട്ട കുഞ്ഞുണ്ണിമാഷ്  വായനയെ കുറിച്ച് പറഞ്ഞ പ്രസിദ്ധമായൊരു വാക്യം ഉദ്ധരിച്ചുകൊണ്ട് ഈ പ്രബന്ധം അവസാനിക്കട്ടെ........

**''വായിച്ചാൽ വളരും, വായിച്ചില്ലെങ്കിൽ വളയും..''**

സാന്ദ്ര സന്തോഷ്

8 എ

# ഇഷ്ടം

എന്നെന്നുമെന്നെയാ കണ്ണീ
രിലാഴ്ത്തുന്ന
വേദനായണെനിക്കിഷ്ടം
എന്നെന്നുമെന്നെയങ്ങൊറ്റയ്ക്കിരുത്തിന്ന
ഏകാന്തതയാണെനിക്കിഷ്ടം
എത്ര പെയ്താലും ഒലിച്ചുപോകാത്തൊരെൻ
ദുഃഖങ്ങളാണെനിക്കിഷ്ടം
എന്നെന്നുമെന്നെ ഞാനാക്കിമാറ്റുന്ന
വ്യക്തിത്വമാണെനിക്കിഷ്ടം
ഹൃത്തുതൻ വേദന ശമിപ്പിച്ചു നിർത്തുന്ന
ഗാനങ്ങളാണെനിക്കിഷ്ടം
പൊട്ടിച്ചിരിച്ചു കൊണ്ടോടിയടുക്കുന്ന
മിത്രത്തെയാണെനിക്കിഷ്ടം
എന്തിനെ വെല്ലാനും ധൈര്യമായി നിർത്തുന്ന
തന്റേടമാണെനിക്കിഷ്ടം
പൊട്ടിക്കരഞ്ഞിട്ട് വേദനയോതുന്ന
സൗഹാർദമാണെനിക്കിഷ്ടം
എല്ലാം ക്ഷമയോടെ പാലനം ചെയ്യുന്ന
നിയന്ത്രണമാണെനിക്കിഷ്ടം

ദിയ. ആർ

10 ബി

# സന്മനസ്സ്

അയാൾ ആ വിജനമായ വഴിയിലൂടെ നടന്നു നീങ്ങുകയായിരുന്നു.ഒരു വട്ട കണ്ണട,വെള്ളവസ്ത്രം, ചുരുണ്ട മുടികൾ ,കയ്യിൽ സഞ്ചിയുമുണ്ട്.നടന്ന് നടന്ന് അദ്ദേഹം തളർന്നു ഒരു സ്ഥലത്തു വിശ്രമിക്കാൻ ഇരുന്നു.അദ്ദേഹത്തിന്റെ സഞ്ചിയിലുള്ള ഭക്ഷണ സാധനം ഭക്ഷിച്ചു.അയാൾ യാത്ര വീണ്ടും തുടങ്ങി.പെട്ടെന്നാണ് അയാളുടെ ശ്രദ്ധയിൽ അത് പെട്ടത്.ഒരു കുട്ടി തേങ്ങി തേങ്ങി കരയുകയാണ്.അയാൾ കാര്യം അറിയാൻ അവന്റെ അടുത്ത് പോയി അവനോട് അയാൾ ചോദിച്ചു.മകനെ നീ എന്തിനാണ് കരയുന്നത് ?.അവൻ ഒന്നും പറയാതെ കരഞ്ഞുക്കൊണ്ടേയിരുന്നു.അയാൾ വീണ്ടും വീണ്ടും ചോദിച്ചു.അപ്പോൾ ഒന്നും മറുപടി ഇല്ലാതെ കരയുകയാണ്.അയാൾ വീണ്ടും വീണ്ടും ചോദിച്ചപ്പോൾ അവൻ പറഞ്ഞു.ഞാൻ ഭക്ഷണം കഴിച്ചിട്ട് നാല് ദിവസമായി വിശന്നിട്ട് കണ്ണുകാണുന്നില്ല. അയ്യോഞാനിപ്പോൾ ഭക്ഷണം കഴിച്ചതേയുള്ളു.അതിന്റെ പകുതിയുണ്ട്.അത് ഞാൻ തരാം.അദ്ദേഹം സഞ്ചിയിൽ നിന്ന് ഭക്ഷണം വിളമ്പി കോടുത്തു.അവൻ വയറു നിറയെ ഭക്ഷണം കഴിച്ചു.അവൻ അദ്ദേഹത്തോട് അതിരില്ലാത്ത സ്നേഹം

തോന്നി......അവനോട് അദ്ദേഹം ചോദിച്ചു. മോൻെറ പേരെന്താണ്? എൻെറ പേര് വിഷ്ണു.മോന് അച്ഛനും അമ്മയൊന്നുമില്ലേ? ഞാൻ കുഞ്ഞായിരിക്കുമ്പോഴേ അച്ഛൻ മരിച്ചു.അമ്മ എവിടെയാണെന്ന് എനിക്ക് അറിയില്ല.ഞാൻ അനാഥനാണ്.എന്നാൽ മോൻെറ കൂടെ വരുന്നോ ഞാൻ നിന്നെ പൊന്നു പോലെ വളർത്താം.അല്പ ഓർത്തതിനുശേഷം അവർ പറഞ്ഞു.ഞാൻ വരാം.പക്ഷെ എനിക്ക് ഉന്നത വിദ്യാഭ്യാസം വേണം.അതിന് നിങ്ങളെ കൊണ്ട് സാധിക്കുമോ?.സാധിക്കും.മോൻ എൻെറ കൂടെ വന്നാൽ നിനക്ക് വേണ്ടുന്നതെല്ലാം ഞാൻ ചെയ്യും.അത് കേട്ടപ്പോൾ അവൻ സന്തോഷമായി.അവൻ അയാളുടെ കൂടെ പോയി.അവൻ വളർന്നു.വലിയ ജോലി കരസ്ഥമാക്കി.അപ്പോഴാണ് അവൻ ആലോജിക്കുന്നത് തെരുവിലും മറ്റും വളരേണ്ട ഞാൻ ഈ മാളികയിൽ എത്തിച്ചേർന്നതും,ഉന്നത വിദ്യാഭ്യാസവും ജോലിയും കരസ്ഥമായത് വളർച്ഛൻ കാരണമാണ്.അങ്ങനെ അവർ സന്തോഷത്തോടെ കഴിഞ്ഞു.

ശ്രീനന്ദന കെ കെ
9 സി

# മനുഷ്യേതര ജീവികളിലെ കണ്ണുകൾ



കണ്ണുകൾ വഴിയാണ് നമ്മുക്ക് കാഴ്ച സാധ്യമാകുന്നത്.കണ്ണുകളുടെ പുറം ആവരണമായ പ്രകാശം കടത്തിവിടുന്ന കോർണിയും പ്രകാശത്തിൻെറ ഏറ്റക്കുറച്ചിലുകൾക്കനുസരിച്ച് കൃഷ്ണമണി എന്ന ചെറുസുഷിരത്തിൻെറ വ്യാസം ക്രമീകരിക്കുന്ന ഐറിസും കൃഷ്ണമണി കടത്തിവിടുന്ന പ്രകാശരശ്മികൾ ചെന്നു പതിക്കുന്ന വക്രത ക്രമീകരിക്കാവുന്ന ലെൻസും എല്ലാം ചേർന്നാണ് ഇത്

സാധ്യമാക്കുന്നത്.


- കാഴ്ചയെന്ന അത്ഭുതപ്രതിഭാസം

വസ്തുക്കളുടെ ദൂരം അനുസരിച്ച് ഫോക്കസ് ദൂരം ക്രമീകരിച്ച് റെറ്റിനയിൽ നേത്രഗോളത്തിന്റെ പിന്നിൽ പ്രകാശ രശ്മികൾ സ്വീകരിക്കാൻ ശേഷിയുള്ള പ്രത്യേക കോശങ്ങളുണ്ട്.വർണങ്ങൾ തിരിച്ചറിയാൻ തെളിഞ്ഞ പ്രകാശത്തിൽ പ്രവർത്തിക്കുന്ന കോൺ കോശങ്ങളും പ്രകാശം കുറഞ്ഞ അവസ്ഥയിൽ പ്രവർത്തിക്കുന്ന റോഡ് കോശങ്ങളും അവിടെ ഉണ്ട്.ഈ കോശങ്ങളുടെ സവിശേഷഗുണങ്ങൾക്ക് കാരണം ഓപ്സിൻ എന്ന പ്രോട്ടീനുകളാണ്- റോഡുകളിൽ റോഡോപ്സിനും കോണുകളിൽ ഫോട്ടോപ്സിനും പ്രകാശങ്ങൾ  പതിക്കുമ്പോൾ തന്മാത്രകളിലുണ്ടാകുന്ന രാസവ്യതിയാനങ്ങൾ ന്യൂറൽ സിഗ്നലുകളാക്കി നേത്രനാഡി വഴി തലച്ചോറിൽ എത്തിക്കുകയും തലച്ചോറ് ഇത് വ്യാഖ്യാനിച്ച് കാഴ്ചയെന്ന അത്ഭുതപ്രതിഭാസം സാധ്യമാക്കുകയും ചെയ്യുന്നു.

കൂടിയ തരംഗദൈർഘ്യമുള്ള റേഡിയോതരംഗങ്ങൾ മുതൽ ഏറ്റവും

കുറഞ്ഞ തരംഗദൈർഘ്യമുള്ള ഗാമ രശ്മികൾ വരെയുള്ള

വൈദ്യുതകാന്തികസ്പെക്ട്രത്തിൽ മനുഷ്യനേത്രങ്ങൾക്ക്




ഗോചാരമായത്

ഏതാണ്ട്

നാനോമീറ്റർ മുതൽ

400 nm വരെ

തരംഗദൈർഘ്യമുള്ള

ഒരു ചെറിയ ഭാഗം 700 മാത്രമാണ്.ദൃശ്യപ്രകാശത്തിന്റെ

ഘടകങ്ങളായ സപ്തവർണങ്ങളാണ് (VIBGYOR).ഇവയാണ്

നമുക്ക് കാഴ്ച ഉറപ്പാക്കുന്നത്.

● പരിണാമത്തിലെ കാഴ്ചപ്പാടുകൾ

അതിസൂക്ഷമവും സങ്കീർണവുമായ ഘടനയും പ്രവർത്തന ക്ഷമതയും

ഉള്ള മനുഷ്യനേത്രങ്ങൾ എങ്ങനെയാണ് പരിണമിച്ചുണ്ടായത്?

ഘട്ടംഘട്ടമായ നവീകരണത്തിലൂടെയാണ് അത് പൂർണതയിൽ എത്തിയത്.ഇത്തരം പരിണാമം അസാധ്യമല്ലെന്നാണ് ഡാർവിൻ പ്രസ്താവിച്ചിട്ടുള്ളത്.ഓരോ ഘട്ടവും അതിൻെറ വാഹകർക്ക് പ്രയോജനപ്രദമാകേണ്ടതുണ്ട്.കാഴ്ചയുടെ വളർച്ചയിൽ വിവിധഘട്ടങ്ങൾ സാധ്യമാണ് എന്നതിന് ധാരാളം തെളിവുകൾ നിരത്താൻ കഴിയും.വിവിധതരത്തിലുള്ള ജീവികളിൽ കണ്ണുകളെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടുള്ള ബ്രിട്ടീഷ് ശാസ്ത്രജ്ഞൻ മൈക്കൽ ലാൻറ് ഏതാണ്ട് നാല്പത് തവണ സ്വതന്ത്രപരിണാമം നടന്ന അവയവമാണ് അതെന്ന് സമർത്ഥിച്ചിട്ടുണ്ട്.അകശേരുകളിൽ കാണുന്ന ലളിതമായ നേത്രം,സംയുക്ത നേത്രം,സുഷിര നേത്രം,കാമറ നേത്രം എന്നിങ്ങനെ ഒമ്പത് അടിസ്ഥാന ഇനങ്ങൽ അദ്ദേഹം കണ്ടെത്തിയിട്ടുണ്ട്.ഒരു പൊട്ടും ഒരു പിമെൻറും സ്ക്രീനും അടങ്ങുന്ന ഏറ്റവും ലളിതമായ സംവിധാനത്തിൽ നിന്ന് പ്ലാനേറിയ പരന്ന വിരി തുടങ്ങി അല്പം മെച്ചപ്പെട്ട ഒരു ഘടനയിലേയ്ക്ക് കടന്ന് പ്രകാശത്തിൻെറ ദിശാനിർണയം കുറച്ചുക്കൂടി ഫലപ്രദമാക്കുന്ന തരത്തിൽ ക്രമീകരിച്ചിരിക്കുന്നു.

- കൂടുതൽ മെച്ചപ്പെട്ട കാഴ്ച സാധ്യമാകാൻ

ഇത് കുറച്ചുകൂടി ആഴം കൂടിയ കപ്പ് ആയാൽ ഒരു പിടികൂടി

മുന്നിലെത്തും.പ്രകാശസംവേദനശേഷിയിൽ,ജലജീവികളിൽ അതിനു ഉദ്ദാഹരണങ്ങളുണ്ട്.ഈ കപ്പ് നല്ല ആഴത്തിൽ ആയാൽ മുകൾവാക്കുകൾ ഉള്ളിലേയ്ക്ക് മടക്കി ഒരു ലെൻസില്ലാത്ത പിൻഹോൾ ക്യാമറകണ്ണുകൾ ഉണ്ടാക്കാം.അത്തരം കണ്ണുമായി നോട്ടിലസ് എന്ന കക്കവർഗജീവിയുണ്ട്.സമുദ്രജലം ഉള്ളിലേയ്ക്ക് കടക്കുന്ന തരത്തിൽ ഒരു ചെറുസുഷിരവും ഉള്ളിൽ റെറ്റിനയുമുള്ള കണ്ണ്.ഇതോടൊപ്പം ഒരു ലെൻസുകൂടി ചേർന്നാൽ കാഴ്ച ശക്തി അനേകമടങ്ങ് വർധിപ്പിക്കാം.നോട്ടിലസിൻെറ ബന്ധുക്കളായ ഒക്ടോപസിനും സ്ക്വിഡിനും അത്തരമ കണ്ണുകളാണ്.

കാവ്യ രാജ്
9 എ

# പുതു മഴ

മഴ മഴ മഴ മഴ വന്നല്ലോ

മുറ്റം നിറയെ മഴവെള്ളം

ഉണ്ണികൾ തുള്ളിച്ചാടുന്നു

മുറ്റം നിറയെ ഉണ്ണികളായ്

എന്തുരസമാം മഴവെള്ളത്തിൽ

തുള്ളിച്ചാടിക്കളിക്കുമ്പോൾ

അമ്മയതാ ഓടിവരുന്നു



കൂടെ കൈയ്യിൽ വടിയുണ്ടേ

ഉണ്ണികളെല്ലാം ഓടിയൊളിച്ചേ

അമ്പിളിമാമൻ തന്നീടുന്ന

ആലിപ്പഴവും വീഴുന്നേ

ഉണ്ണികളെല്ലാം ആർത്തുരസിച്ച്

ആലിപ്പഴവും പെറുക്കുന്നു

പുതുമഴയാണിത് നല്ലമഴ

ജൂൺമാസത്തിൽ വന്നീടും

സപ്തംബറിൽ പോയീടും

മാവേലി മന്നനെ വരവേൽക്കാൻ

കാർമേഘങ്ങളൊരുങ്ങീടും

ഓർത്തോളൂ ഉണ്ണികളെ

പുതുമഴയെല്ലിതു പനിമഴയാ

ആസ്പത്രിവരാന്തയിൽ കിടക്കേണ്ടേ

കാലത്തുസ്കൂളിൽ പോകേണ്ടേ

കൂട്ടുകാരൊത്തു പഠിക്കേണ്ടേ

നല്ലൊരു പൗരനായി തീരണ്ടേ

അയ്യോ അമ്മേ പോയല്ലോ

പുതുമഴയെല്ലാം പോയല്ലോ

അമ്പിളിമാമൻ തന്നീടുന്ന

ആലിപ്പഴവും പോയല്ലോ

ഉണ്ണികളെല്ലാം കേഴുന്നു

പുതുമഴയാണിതു നല്ലമഴ

ശ്രീപ്രീയ എൻ.കെ
10 സി

****************************